2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ (പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും)

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സബ്ജക്ട്-കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)* : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിയമനിർമ്മാണം വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. അതിനെ പ്രഹസനമാക്കി മാറ്റാൻ ശ്രമിച്ചത് ആരാണെന്ന് ഇവിടെ കണ്ടു. കാരണം, ഒന്നര മണിക്ക് സഭ പിരിയണം, അദ്ദേഹത്തിന് ഒന്നര മണിക്ക് എന്തോ ചടങ്ങിൽ പങ്കെടുക്കാനുണ്ടെന്ന് ഇവിടെ നിയമസഭയുടെ ലോബിയിൽവച്ച് രാവിലെ പറഞ്ഞത് ഞങ്ങളെല്ലാപേരും കേട്ടതാണ്. ഒന്നര മണിക്ക് സഭ പിരിയണമെന്ന് പറഞ്ഞ ആളാണ് നിയമനിർമ്മാണത്തിനുവേണ്ടി സമയം ദീർഘിപ്പിക്കുന്നതിനുവേണ്ടി പോൾ ആവശ്യപ്പെട്ടത്. ഏതായാലും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ആവർത്തിച്ചാവർത്തിച്ച് പ്രതിപക്ഷം, പ്രതിപക്ഷം എന്ന് പറഞ്ഞപ്പോൾ എനിക്കു തോന്നിയത് സ്ഥലജലഭ്രമം ഉണ്ടായിപ്പോയോ എന്നാണ്. കാരണം, യഥാർത്ഥ പ്രതിപക്ഷം ഇന്ന് വാക്കൗട്ട് ചെയ്തുപോയി. ഭരണപക്ഷമായി വന്നവരാണ് ഇപ്പോൾ പുറത്തുപോയിരിക്കുന്നത് ..... ഒന്നായ നിന്നെയിഹ, രണ്ടെന്നുകണ്ടളവിൽ എന്നൊക്കെ പറയുന്നതുപോലെ ഇതൊരു യഥാർത്ഥ പ്രതിപക്ഷമല്ല, ഞാൻ അതിലേക്ക് കടക്കുന്നില്ല. ശ്രീമാൻ ടി. എം. ജേക്കബ് ഇവിടെ വേണ്ടതായിരുന്നു. കാരണം, അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ഒരു നിയമമാണിത്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രാധാന്യമുള്ള ഒരു നിയമമാണിത്. അദ്ദേഹം പ്രതിപക്ഷമായി സംസാരിക്കുന്ന ഒരാൾ എന്ന നിലയിൽ ഈ നിയമം ആവശ്യമായിവന്ന സാഹചര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇൻട്രോഡക്ഷനിൽ പറഞ്ഞു, ഇത് ഈ നിയമത്തിന്റെ 9-ാം വകുപ്പിൽ ചെറിയ ഭേദഗതി വരുത്തുന്നതാണ്. സംസ്ഥാനത്തെ ഭൂജലത്തിന്റെ വിനിയോഗത്തെ സംബന്ധിച്ച് വ്യക്തമായ ഒരു രൂപം ഗവൺമെന്റിന് ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂജലം ഉപയോഗിക്കണമെങ്കിൽ അത് ഗവൺമെന്റിൽ രജിസ്റ്റർ ചെയ്യണമെന്നുള്ള ഒരു പുതിയ വ്യവസ്ഥ ഏർപ്പെടുത്തിയതാണ്. സംസ്ഥാനത്ത് ഇങ്ങനെ ഒരു വ്യവസ്ഥ നേരത്തെ ഏർപ്പെടുത്താൻ ആലോചിക്കാതിരുന്നത് വളരെ അപകടകരമായ ഒരു കാര്യമാണ്. അങ്ങനെ ആലോചിച്ചിരുന്നെങ്കിൽ ഇവിടെയിപ്പോൾ പ്രതിപക്ഷത്തിന് കൊക്കകോളയ്ക്കും പെപ്സിക്കും എതിരായിട്ടുള്ള സമരത്തിൽ പങ്കെടുക്കേണ്ടി വരുമായിരുന്നില്ല.

മാർക്സിസ്റ്റ് പാർട്ടി അധികാരത്തിലിരിക്കുന്ന സമയത്ത്, അതായത്, ഇപ്പോഴത്തെ പ്രതിപക്ഷം കേരളം ഭരിക്കുന്ന അവസരത്തിലാണ് ഇവിടെ കൊക്കകോള കമ്പനി വന്നത്. പെരുമാട്ടി പഞ്ചായത്തിൽ അതിനുള്ള ലൈസൻസും കൊടുത്തു. എത്രമാത്രം ഭൂജലം അതിന് വിനിയോഗിക്കാം എന്നുള്ളതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഒരു പഠനം നടത്താതെ അവർക്ക് അങ്ങനെയൊരു അനുവാദം കൊടുത്ത അതേ ആളുകൾ തന്നെ ഇവിടെ ഗവൺമെന്റ് മാറി പുതിയ ഭരണസംവിധാനം വന്നപ്പോൾ പെരുമാട്ടി പഞ്ചായത്തിലെ ജനങ്ങൾ നടത്തിയ സമരത്തെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് അതിന്റെ മുൻപന്തിയിൽ പതാകവാഹകരായി മാറിയ കാഴ്ച നാം കാണുകയുണ്ടായി. ആ ഒരു പശ്ചാത്തലംകൂടി കണക്കിലെടുത്തുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പ് രാഷ്ട്രീയ നിലപാട് കേരളത്തിനുണ്ടാക്കിയ അപകടം മനസ്സിലാക്കി അതിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നത് തടയാൻ മാർക്സിസ്റ്റ് വിരുദ്ധരായിത്തന്നെ ചിന്തിച്ചുകൊണ്ട് ശ്രീ. ടി. എം. ജേക്കബ്, അന്ന് യു.ഡി.എഫ്.-ന്റെ തീരുമാനമനുസരിച്ച് കൊണ്ടുവന്ന ഒരു നിയമമാണ്. വാസ്തവത്തിൽ ഈ നിയമം പാസ്സാകുന്നതോടുകൂടി സംസ്ഥാനത്ത് ഭൂജലം ദുർവിനിയോഗം ചെയ്യുന്നത് തടയാനും എത്രമാത്രം അതിന്റെ ലഭ്യത ഉണ്ടെന്നുള്ളത് കണക്കാക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഭൂജല മാനേജുമെന്റ് വളരെ ശക്തമായ നിലയിൽ നിലനിർത്താനും സാധിക്കും. അന്ന് ഇപ്പുറത്തിരുന്നുകൊണ്ട് ചെയ്യാത്ത ഒരു കാര്യത്തിനാണ് പരിഹാരം കാണുന്നത്. ഇപ്പോൾ കണ്ണൂരിൽ ഒരു അമ്യൂസ്മെന്റ് പാർക്ക് വരുന്നുവെന്ന് നമ്മൾ കേട്ടു. ഭൂജലം എടുത്താണോ വിനിയോഗിക്കുന്നത് എന്നുള്ള കാര്യത്തിൽ വളരെ വാഗ്വാദങ്ങളുണ്ടായി. ജലസമൃദ്ധിയുള്ള നാടാണ് കേരളമെന്ന് നാം ഒരുകാലത്ത് അഭിമാനിച്ചിരുന്നു. ജലദൗർലഭ്യമുള്ള ഈ കാലഘട്ടത്തിൽ ഇത്തരം കാര്യങ്ങൾക്ക് ഭൂജലം വിനിയോഗിക്കുന്നതിന് നമുക്ക് കൃത്യമായിട്ടുള്ള വിവരങ്ങളും കണക്കുകളും ഉണ്ടാവുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ആവശ്യമാണ്. ആ നിലയ്ക്ക് ഈ ബിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ വീണ്ടും അതേ

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: ശ്രീ. എം. എം. ഹസ്സൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ്. 2002-ൽ ഈ നിയമം പാസ്സാക്കിയതാണ്. 16-2-2004-ൽ ഇത് പ്രാബല്യത്തിൽ വന്നതാണ്. പ്രാബല്യത്തിൽ വരുമ്പോൾ 120 ദിവസത്തിനുള്ളിൽ ഒരു അതോറിറ്റി രൂപീകരിച്ച് അതോറിറ്റിയുടെ മുൻപിൽ പേര് രജിസ്റ്റർ ചെയ്യണമെന്നാണ് നിയമത്തിലുണ്ടായിരുന്നത്. ആ 120 ദിവസത്തിനുള്ളിൽ കുറേ ആളുകൾക്ക് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞു. 4076 അപേക്ഷകൾ ആ കാലത്ത് കിട്ടിയിട്ടുണ്ട്. ഇതിനകത്ത് നിബന്ധന വച്ചിട്ടുള്ളത് ഒന്നര എച്ച്.പി. മോട്ടോർ ഉപയോഗിക്കുന്ന അല്ലെങ്കിൽ അതിനെക്കാൾ കൂടുതൽ ഉപയോഗിക്കുന്ന open well-ന് 3 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്ന ബോർവെൽപോലുള്ള നിർമ്മാണപ്രവർത്തനം നടത്തി അവിടെ നിന്ന് ഭൂജലം എടുക്കുമ്പോൾ അതിന് രജിസ്ട്രേഷൻ വേണമെന്നുള്ളതാണ്. നേരത്തെ പറഞ്ഞതുപോലെ ശ്രീ. ജേക്കബാണ് ഈ ബിൽ ആദ്യം കൊണ്ടുവന്നത്. ആ കാലത്താണ് ഇത് പാസ്സാക്കിയെടുത്തത്. പക്ഷേ, 120 ദിവസം എന്നുള്ളത് മാറ്റുന്നതിന് വേണ്ടിയാണ് ഒരു പുതിയ അമെന്റ്മെന്റ് നമ്മൾ കൊണ്ടുവന്നിരിക്കുന്നത്. ഇതിനോടൊപ്പം കേരളത്തിൽ നമ്മൾ മൊത്തത്തിൽ ആലോചിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒന്നുരണ്ട് വിഷയമുണ്ട്. അതുമാത്രം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഭൂജലത്തിന്റെ അളവ് വളരെ അസാധാരണമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഭൂജല നിയന്ത്രണം സംബന്ധിച്ച് ഏറ്റവും അവസാനമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ചില പ്രധാനപ്പെട്ട പ്രദേശങ്ങൾ ക്രിട്ടിക്കൽ ഏരിയ ആയി മാർക്ക് ചെയ്തിട്ടുണ്ട്. അതിയന്നൂർ ബ്ലോക്ക്, തിരുവനന്തപുരം, കൊടുങ്ങല്ലൂർ, ചിറ്റൂർ, കോഴിക്കോട്, കാസർഗോഡ് ബ്ലോക്കുകൾ എന്നിവ അതീവ ക്രിട്ടിക്കൽ ബ്ലോക്കുകളായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൊല്ലങ്കോട്, തൃത്താല, പാലക്കാട് എന്നീ പ്രദേശങ്ങൾ വളരെ ക്രിട്ടിക്കൽ ഏരിയ ആയി കാണിച്ചിട്ടുണ്ട്. ശ്രീ. എം. എം. ഹസ്സൻ ഇവിടെ സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. നേരത്തെ ഇതുസംബന്ധിച്ച് ചില നിയന്ത്രണങ്ങളുണ്ടായിരുന്നുവെങ്കിൽ ഇവിടെ ഇപ്പോൾ കാണുന്നവിധത്തിലുള്ള സമരങ്ങൾ നമുക്ക് ഒഴിവാക്കാൻ കഴിയുമായിരുന്നു. ഇനിയുള്ള കാര്യത്തിലെങ്കിലും നമുക്ക് ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി മുന്നോട്ടുപോകണം. ഭൂജലത്തിന്റെ അമിതമായിട്ടുള്ള ചൂഷണം കേരളത്തിൽ ഇക്കോളജിക്കലായിട്ടുള്ള ഇമ്പാലൻസ് ഉണ്ടാക്കും. അതുണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് നിൽക്കുന്നത്. ഞാൻ പ്ലാച്ചിമട സംബന്ധിച്ചോ അതുപോലുള്ള മറ്റ് കാര്യങ്ങളെ സംബന്ധിച്ചോ ഇപ്പോൾ വിശദമായി സംസാരിക്കുന്നില്ല. പക്ഷേ, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ജലം raw-material ആയി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഭൂജലം ഉപയോഗിക്കുമ്പോൾ അതിന് കണക്കുവേണം. നമുക്ക് എത്ര കിട്ടുമെന്നുള്ളതിനെക്കുറിച്ച് പ്രത്യേകമായ കണക്കുകൾ ഇല്ലാതെ, സർവ്വേ ഇല്ലാതെ, അശാസ്ത്രീയമായ രൂപത്തിലുള്ള ഉപയോഗമാകരുത്. അങ്ങനെ അശാസ്ത്രീയമായി ഉപയോഗിച്ചാൽ ഇക്കോളജിക്കൽ ഇമ്പാലൻസുണ്ടാകും. അതാണ് പ്രധാനപ്പെട്ട കാര്യം. ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഇല്ല.

മി. സ്പീക്കർ: ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ലൂഡി ലൂയിസ്: ഇല്ല.

മി. സ്പീക്കർ: ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ;

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(87) തത്പ്രത്യാഹന വാക്യത്തിൽ "അൻപത്തി അഞ്ചാം സംവൽസരത്തിൽ" എന്ന വാക്കുകൾക്കു പകരം "അൻപത്തി ആറാം സംവൽസരത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(88) 1-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ "2004" എന്ന അക്കങ്ങൾക്കു പകരം "2005" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

വകുപ്പ് 1 (2)-ൽ "ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്" എന്നതിനു പകരം "ഇത് 2005 ജൂലായ് 30-ന് പ്രാബല്യത്തിൽ വരുന്നതാണ്" എന്നാക്കുക.

ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ;

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly